നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിട്ടുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതോടൊപ്പംതന്നെ വിപണി വിപുലീകരിക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക മുഖേന ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനും കാലപ്പഴക്കംചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏകദേശം 839.90 കോടി രൂപയുടെ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹൈഡൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം

1(2202) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്തിലെ ഉപയോഗ ശൂന്യമായ കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സുകൾ നവീകരിച്ച്, ഹൈഡൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി നടപടി സ്വീകരിക്കുമോ ;

(ബി) പെരിങ്ങൽകുത്തിൽ പുനരാരംഭിച്ച ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായുള്ള ബോട്ടിംഗിന് കൂടുതൽ ബോട്ടുകൾ അനുവദിയ്ക്കുന്നതിനും അനുബന്ധ റോഡുകളുടെ നവീകരണത്തിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരികയാണ്. മാസ്റ്റർപ്ലാൻ അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിക്കാവുന്നതാണ്.

ഊർജ്ജ രംഗത്ത് വിവരസാങ്കേതിക വിദ്യാധിഷ്ഠിത പദ്ധതി

2(2203) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് വിവരസങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരസാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ മുഖേന താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് കൈവരിച്ചത്/കൈവരിക്കാനുദ്ദേശിക്കുന്നത്:

- മാനവ വിഭവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവത്കരണം ഹ്യൂമൻ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം മുഖേന നടപ്പിലാക്കി.
- എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.
- മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കി.
- ഉപഭോക്താക്കൾക്ക് വിവര സാങ്കേതിക വിദ്യാപദ്ധതികൾ മുഖേന സംശയനിവാരണത്തിനും പരാതികൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാനുള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിവഴി നൽകിവരുന്നു.
- ഇ-ടെണ്ടർ സംവിധാനം മുഖേന 5 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവത്കരിച്ചു.
- ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.
- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മുഴുവൻ അക്കൗണ്ടിംഗ് സംവിധാനവും SARAS സോഫ്റ്റ്വെയർ മുഖേന കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT&C LOSS) 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കാൻവേണ്ടി ആർ.എ.പി.ഡി.ആർ.പി. പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള വിവര സാങ്കേതിക വിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നു.

സ്മാർട പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) വിവിധ കമ്പ്യൂട്ടർവത്കൃത സോഫ്റ്റ്വെയറുകൾ പ്രവർത്തിക്കുന്നതിനും കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ പരാതി പരിഹാര സംവിധാനം എന്നിവയുമായി ബന്ധപ്പെട്ടും ജീവനക്കാർക്ക് ബൃഹത്തായ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ നേരിട്ടതന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡി.ആർ.ഐ.പി. പദ്ധതി

3(2204) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അണക്കെട്ടുകളുടെ നവീകരണത്തിനായി നടപ്പാക്കുന്ന ഡി. ആർ. ഐ. പി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും സമയ പരിധിക്കുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് സാധിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. World Bank, C.W.C. (Central Water Commission), കേന്ദ്രഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ്, ഇലക്ട്രിസിറ്റി ബോർഡ് എന്നിവർ പദ്ധതിയുടെ പ്രവർത്തനങ്ങളും പുരോഗതിയും യഥാസമയം വിലയിരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly